കാസർഗോഡ് ജില്ലയിൽ പണി നടന്നുവരുന്ന ജലസേചനപദ്ധതികൾ

17 (1682) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പണി നടന്നുവരുന്ന എത്ര ജലസേചന പദ്ധതികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണ് ; ഓരോന്നിനും എന്ത് തുക വീതം ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഈ ജില്ലയിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാമാണ് ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് എന്ത് തുകവീതം ചെലവാകുമെന്നും എന്നേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ചെറുകിട ജലസേചനമേഖലയിൽ മൊത്തം 187.15 ലക്ഷം രൂപ ചെലവ് വരുന്ന 24 പദ്ധതികളുടെ പണി നടന്നുവരുന്നു. ഇവയുടെ വിവരം അനുബന്ധം1 ആയി ചേർത്തിട്ടുണ്ട്. *

(സി&ഡി) ഈ ജില്ലയിൽ ചെറുകിട ജലസേചന മേഖലയിൽ 125 ലക്ഷം രൂപ മൊത്തം മതിപ്പുചെലവ് വരുന്ന 5 ചെറുകിട ജലസേചനപദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അവയുടെ വിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

വൻകിട-ഇടത്തരം ജലസേചന മേഖലയിൽ കാസർഗോഡ് ജില്ലയിൽ മൂന്നാംകടവ്, പയസ്വിനി എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള പര്യവേഷണ ജോലികൾ നടന്നുവരുന്നു. പയസ്വിനി പദ്ധതിക്ക് 28.64 കോടി രൂപയും (1982-ലെ നിരക്ക് പ്രകാരം) മൂന്നാംകടവ് പദ്ധതിക്ക് 90.67 കോടി രൂപയും (1996-ലെ നിരക്ക് പ്രകാരം) അടങ്കൽ തുക കണക്കാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളു.

വിവിധ ജലസേചന പദ്ധതികൾ മൂലമുള്ള നേട്ടങ്ങൾ

18 (1683) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ചെറുകിട ജലസേചന പദ്ധതികൾ ഏതെല്ലാം എന്നറിയിക്കുമോ ;

1. * ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
2. * ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly